പതിനാലാം കേരള നിയമ സഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4725 | 14.11.2019- ൽ മറുപടിക്ക്

## അങ്കമാലി ബൈപ്പാസ് നിർമ്മാണ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോജി എം. ജോൺ: | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന് മൂന്നര വർഷമായിട്ടും എറണാകുളം ജില്ലയിലെ അങ്കമാലി ബൈപ്പാസിന്റെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) അങ്കമാലി-കൊച്ചി എയർപോർട്ട് ബൈപ്പാസ് നിർമ്മാണത്തിനായി 50 കോടി രൂപയുടെ പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തി 23-09-2016-ലെ ഉത്തരവ് പ്രകാരം സർക്കാർ ആർ.ബി.ഡി.സി.കെ.യെ എസ്.പി.വി ആയി നിയോഗിച്ചു. ഡി.പി.ആർ പ്രകാരം 390.68 കോടി രൂപയുടെ ഭരണാനുമതിയും G.O (Rt) No. 771/2017/PWD dated 02-06-2017 പ്രകാരം നൽകുകയുണ്ടായി.<br>NH-66-ൽ കരയാമ്പറമ്പ് കവലയിൽ നിന്ന് തുടങ്ങി അങ്കമാലി റെയിൽവേ സ്റ്റേഷന് സമീപം നാഷണൽ ഹൈവേയിൽ അവസാനിക്കുന്ന തരത്തിൽ 6 വരി പാതയായാണ് അലൈൻമെന്റ് നിശ്ചയിച്ചത്. 3.115 കി.മീ. ദീർഘമുള്ള അലൈൻമെന്റിൽ 1.785 കി.മീ. ഭാഗം മാഞ്ഞാലി കനാലിന് കുറുകെ എലിവേറ്റഡ് ഹൈവേ ആയിട്ടാണ് വിഭാവനം ചെയ്തിരുന്നത്.<br>എന്നാൽ, പദ്ധതി ചിലവ് കുറയ്ക്കുന്നതിനായി 6 വരിക്ക് പകരം 4 വരി പാത നിർമ്മിക്കുവാനും എലിവേറ്റഡ് ഹൈവേയുടെ ഭാഗത്തെ അലൈന്റമെന്റ് മാഞ്ഞാലി കനാലിന് പടിഞ്ഞാറോട്ട് നീക്കി സ്ഥലം നികത്തി റോഡ് നിർമ്മിക്കുന്ന തരത്തിൽ ഡി.പി.ആർ. പരിഷ്കരിക്കുവാനും കിഫ്ബി ആവശ്യപ്പെട്ടു. ഇത്തരത്തിൽ പരിഷ്കരിച്ച ഡി.പി.ആർ-ന് Order |

No. APR-2/136/2017/KIIFB dated 16-12-2017 പ്രകാരം കിഫ്ബി 190.16 കോടി രൂപ അനുവദിച്ചു.

സ്ഥലം ഏറ്റെടുപ്പിനായി എൽ.എ റിക്വിസിഷൻ 19-03-2018-ൽ നൽകി അതിർത്തി കല്ലുകൾ സ്ഥാപിക്കുവാൻ തുടങ്ങിയെങ്കിലും മാഞ്ഞാലി തോടിനോട് ചേർന്നുള്ള ചതുപ്പ് പ്രദേശത്ത് വെള്ളക്കെട്ട് മൂലം അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിന് സാധിച്ചില്ല. കൂടാതെ 2018-ൽ ഉണ്ടായ വെള്ളപ്പൊക്കത്തോടെ ചതുപ്പ് നികത്തി റോഡ് നിർമ്മിക്കുന്നത് അഭികാമ്യമല്ല എന്ന് കണ്ടതിനാൽ പദ്ധതിക്ക് ആർ.ബി.ഡി.സി.കെ ആദ്യം നിശ്ചയിച്ച എലിവേറ്റഡ് ഹൈവേ തന്നെ അനുവദിക്കാൻ കിഫ്ബിയോട് 25-02-2019-ൽ ആവശ്യപ്പെട്ടു. തുടർന്ന് 03-09-2019-ൽ കിഫ്ബിയുടെ സാങ്കേതിക സംഘം സ്ഥലം സന്ദർശിച്ചു. അലൈൻമെന്റ് മാറ്റി എലിവേറ്റഡ് ഹൈവേ ഉൾപ്പെട്ട ബൈപ്പാസ് നിർമ്മിക്കുവാൻ 23-10-2019-ൽ കിഫ്ബിയിൽ നിന്ന് നിർദ്ദേശം ലഭിച്ചിട്ടുണ്ട്. അതനുസരിച്ച് ഡി.പി.ആർ-ൽ മാറ്റം വരുത്തി എത്രയും വേഗം കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് ഏതെങ്കിലും രാഷ്ട്രീയ പ്രസ്ഥാനത്തിൽ നിന്നോ ജനപ്രതിനിധികളുടെ ഭാഗത്ത് നിന്നോ തടസ്സം ഉള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | അങ്കമാലിക്കാരും അങ്കമാലി വഴി നിത്യവും യാത്ര ചെയ്യുന്നതുമായ ലക്ഷക്കണക്കിന് യാത്രക്കാർ അനുഭവിക്കുന്ന ഗതാഗത ക്കുരുക്കിന് പരിഹാരം കാണുന്നതിന് പ്രസ്തുത ബൈപ്പാസ് നിർമ്മാണം അടിയന്തരമായി ആരംഭിക്കുമോ; വിശദാംശം ലഭ്യമാക്കാമോ; | (സി) | ഭേദഗതി വരുത്തിയ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ച് കിഫ്ബി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സ്ഥലമേറ്റെടുപ്പ് നടപടികൾ ആരംഭിക്കും. സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ നിർമ്മാണത്തിനുള്ള മറ്റു നടപടികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതി ലേയ്ക്കായി ഒരു സ്പെഷ്യൽ ആഫീസറെ നിയോഗിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | സ്പെഷ്യൽ ഓഫീസറെ നിയോഗിക്കേണ്ട ആവശ്യം ഉള്ളതായി കാണുന്നില്ല. സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി RBDCK യെ നിയോഗിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ